# സെന്റ് മേരീസ് എച്ച്.എസ്.എസ്.

വെട്ടുകാട്, തിരുവനന്തപുരം-21




# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂൾ | : | **സെന്റ് മേരീസ് എച്ച്.എസ്.എസ്.** വെട്ടുകാട് |
| സബ്ജില്ല | : | **തിരുവനന്തപുരം നോർത്ത്** |
| വിദ്യാഭ്യാസ ജില്ല | : | **തിരുവനന്തപുരം** |
| റവന്യൂ ജില്ല | : | **തിരുവനന്തപുരം** |

## ഉള്ളടക്കം


1. സ്കൂൾ ലഘുചരിത്രം
2. അക്കാദമിക പ്രവർത്തനങ്ങൾ (നിലവിൽ)
3. വിവധ ക്ലബ്ബുകളുടെ പ്രവർത്തനം
4. മികവുകൾ - അക്കാദമികം
5. സ്കൂൾ നേരിടുന്ന പരിമിതി / പ്രതിസന്ധി
6. സ്കൂളിന്റെ കാഴ്ചപ്പാടും ലക്ഷ്യങ്ങളും
7. വിവിധ മേഖലകളിലെ പൊതുലക്ഷ്യങ്ങൾ
8. ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ
    - മലയാളം യു.പി., ഹൈസ്കൂൾ വിഭാഗം
    - ഇംഗ്ലീഷ് യു.പി., ഹൈസ്കൂൾ വിഭാഗം
    - ഹിന്ദി യു.പി., ഹൈസ്കൂൾ വിഭാഗം
    - സോഷ്യൽ സയൻസ് യു.പി. വിഭാഗം
    - സോഷ്യൽ സയൻസ് എച്ച്.എസ്. വിഭാഗം
    - സയൻസ് യു.പി. വിഭാഗം
    - ബയോളജി എച്ച്.എസ്. വിഭാഗം
    - കെമിസ്ട്രി, എച്ച്.എസ്. വിഭാഗം
    - കണക്ക് യു.പി. വിഭാഗം
    - ഫിസിക്സ് എച്ച്.എസ്. വിഭാഗം
    - ആരോഗ്യ-കായിക വിഭാഗം
    - കലാവിഭാഗം
    - റിസോഴ്സ് വിഭാഗം (ഭിന്നശേഷി)
9. ഉടൻ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ
10. ഉപസംഹാരം

# സെന്റ് മേരീസ് എച്ച്.എസ്.എസ്. വെട്ടുകാട്
## ലഘുചരിത്രം

അനന്തപുരിയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന പ്രശസ്ത തീർത്ഥാടന കേന്ദ്രമായ മാദ്രെ ദെ ദേവൂസ് ദേവാലയത്തിനു തെക്കായി 1917 ൽ റവ. ഫാ. ട്രിനിഡാഡിന്റെ കാലത്താണ് വിദ്യാലയം സ്ഥാപിച്ചത്. ഈ സ്ഥാപനത്തോടനുബന്ധിച്ച് ഒരു മലയാളം ട്രെയിനിംഗ് സ്കൂളും ഉണ്ടായിരുന്നു. എന്നാൽ കാലാന്തരങ്ങളിൽ ചില സാങ്കേതിക കാരണങ്ങളാൽ ട്രെയിനിംഗ് സ്കൂൾ നിർത്തലാക്കി. ഇടവക പള്ളിയുടെ നേതൃത്വത്തിലാണ് ട്രെയിനിംഗ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. തെക്കൻ തിരുവിതാംകൂറിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ പിന്നോക്കം നിന്നിരുന്നവരും മത്സ്യത്തൊഴിലാളികൾ മാത്രം തിങ്ങിപ്പാർത്തിരുന്നതുമായ ഒരു തീരദേശ മേഖലയായിരുന്നു വെട്ടുകാട് ഗ്രാമം. തിരുവനന്തപുരം ആർ.സി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ പാഠപാഠ്യേതര പ്രവർത്തനങ്ങളിൽ അനേകം നേട്ടങ്ങൾ കൈവരിച്ച് ആ യാത്ര അനസ്യൂതം തുടരുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

- വിഷയാടിസ്ഥാനത്തിൽ ക്ലാസിൽ നടത്തുന്ന മൂല്യനിർണ്ണയത്തിനു പുറമെ എല്ലാ മാസങ്ങളിലും ക്ലാസ് ടെസ്റ്റും ജൂലൈ, നവംബർ മാസങ്ങളിൽ ഓരോ മിഡ് ടേം പരീക്ഷകളും നടത്തിവരുന്നു. ക്ലാസ് പി.ടി.എ. വിളിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം സമയബന്ധിതമായി രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്നു. വർഷാരംഭത്തിൽ തന്നെ ഭാഷാതലത്തിലും കണക്കിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകി തുടങ്ങുന്നു.
- 10-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കു വർഷാരംഭം മുതൽ തന്നെ രാവിലെ 8:30 മുതൽ 9:30 വരെയും വൈകിട്ട് 3:30 മുതൽ 4:30 വരെയും അധിക ക്ലാസുകൾ നൽകിവരുന്നു. 10-ാം ക്ലാസിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ സ്കൂളിൽ നടപ്പാക്കി വരുന്നു.
- സമർത്ഥരായ അധ്യാപക അനധ്യാപകരുടെ നിസ്വാർത്ഥമായ സേവനം സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ്.

## വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

- സംസ്ഥാനത്തെ മികച്ച കായിക പ്രകടനം നടത്തുന്ന സ്കൂളുകളിൽ ഒന്ന്.
- അത്‌ലറ്റിക്സ്, ഫുട്ബോൾ, ബാസ്കറ്റ്ബോൾ എന്നീ രംഗങ്ങളിൽ ജില്ലിയിലെ മികച്ച് പ്രകടനവും സംസ്ഥാന സ്കൂൾ ടീമിൽ സാന്നിദ്ധ്യവും.
- മികച്ച ഗ്രൗണ്ടും മറ്റു സൗകര്യങ്ങളും

## സയൻസ് ക്ലബ്ബ്

ശാസ്ത്ര കൗതുകം ഉണ്ടാക്കിയെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിലാണ് എല്ലാ വർഷവും സയൻസ് എക്സിബിഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാതലത്തിൽ സ്കൂളിന്റെ സജീവ സ്ഥാനം നിലനിർത്തുന്നതിന് സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ് എന്നിവ മുഖ്യപങ്ക് വഹിക്കുന്നു.

## ആർട്സ് ക്ലബ്ബ്

കലാരംഗത്ത് കുട്ടികൾക്ക് കഴിവുകൾ തെളിയിക്കാൻ അവസരം നൽകികൊണ്ട് ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് ആർട്സ് ക്ലബ്ബ് മുന്നോട്ടു പോകുന്നു. സ്കൂൾ യുവജനോത്സവം സംഘടിപ്പിക്കുക, വിവിധ ഇനങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇക്കൊല്ലത്തെ ജില്ലാ കലോത്സവങ്ങളിൽ സ്കൂൾ അതിന്റെ സാന്നിധ്യം തിളക്കമുള്ളതാക്കി.

## മലയാള സമാജം

സാഹിത്യപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന മലയാള സമാജത്തിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ന്യൂസ്‌ലെറ്റർ, വാർത്താ പത്രിക തുടങ്ങിയ വിവിധ പ്രസിദ്ധീകരണങ്ങളും ഒപ്പം 'രചനയുടെ രസതന്ത്രം' തുടങ്ങി വിവിധ സാഹിത്യ സംവാദ ചർച്ചാവേദികൾക്കും മലയാള സമാജം നേതൃത്വം നൽകുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലൈബ്രറി സംവിധാനത്തിന്റെ നേതൃത്വത്തിലാണ് വായനാമത്സരം സംഘടിപ്പിക്കുന്നത്.

## നേച്ചർ ക്ലബ്ബ്

ഹരിതശോഭയുള്ള ഭൗതിക സാഹചര്യം സ്കൂളിൽ നിലനിർത്തുന്നതിനു മുൻകൈ എടുത്തു പ്രവർത്തിക്കുന്നതിൽ നേച്ചർ ക്ലബ്ബ് സദാ ജാഗ്രത പുലർത്തുന്നു. ഔഷധ സസ്യങ്ങൾ അലങ്കാരച്ചെടികൾ, പച്ചക്കറിത്തോട്ടം തുടങ്ങി വിവിധ മേഖലകളിൽ ക്ലബ്ബ് നടത്തുന്ന സ്വന്തം പ്രവർത്തനങ്ങൾ കൂടാതെ വൃക്ഷത്തൈകളുടെ വിതരണം, പരിപാലനം എന്നീ രംഗങ്ങളിലും ക്ലബ്ബ് സജീവമായി ഇടപെടുന്നു.

## മാത്തമാറ്റിക്സ് ക്ലബ്ബ്

ഗണിത അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മാത്തമാറ്റിക്സ് ക്ലബ്ബ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നേറുന്നു.

# NCC - AIR, Navy

ജൂനിയർ സീനിയർ വിഭാഗങ്ങളിലായി 100 ൽ പരം കുട്ടികളുടെ സജീവമായ സാന്നിധ്യത്തിൽ പരിശീലനം നൽകുന്ന NCC സ്കൂളിന്റെ മറ്റൊരു അഭിമാനമാണ്. ജില്ലാ തലത്തിൽ വിവിധ പരേഡുകളിൽ സജീവ സാന്നിധ്യം നിലനിർത്തുന്നതോടൊപ്പം വിവിധ ക്യാമ്പുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാനും NCC യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

# JRC

സേവന മനോഭാവവും ത്യാഗശീലവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ പ്രവർത്തിക്കുന്ന JRC യൂണിറ്റ് അഭിമാനാർഹമായ പ്രവർത്തനം കാഴ്ചവച്ച് മുന്നോട്ട് പോകുന്നു.

## ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ രൂപീകൃതമായ 'ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് രൂപീകരണത്തിന്റെ ഭാഗമായി ഇലക്ട്രോണിക്സ് ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, വെബ് ടി.വി. തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകിവരുന്നു.

## മികവുകൾ – അക്കാദമികം

- അക്കാദമിക് തലത്തിൽ സ്കൂൾ സംസ്ഥാനത്തിനു മാതൃകയായി മികച്ച വിജയം കരസ്ഥമാക്കി പ്രയാണം തുടരുന്നതിന്റെ ഭാഗമായി
- തുടർച്ചയായി എസ്.എസ്.എൽ.സി യ്ക്ക് 100% വിജയം നേടുകയും ഫുൾ A+ (എ പ്ലസ്) വാങ്ങുന്ന കുട്ടികളുടെ എണ്ണവും നില നിർത്തി മികച്ച വിജയം കൈവരിച്ചു പോരുന്നു.

## സ്കൂൾ നേരിടുന്ന പരിമിതി / പ്രതിസന്ധി

- തീരദേശ മേഖലയിലെ നിർധനരായ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന തദ്ദേശവാസികളായ ഭൂരിഭാഗം പേരും എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നു. അതിനാൽ വിവിധ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മുഖ്യധാരയിൽ നിന്ന് പലപ്പോഴും 2% കുട്ടികൾ പിൻതള്ളപ്പെടുന്നു.

## കലാലയത്തിന്റെ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും

- മത-വർഗ്ഗ ജാതി-വർണ്ണ, കക്ഷി-രാഷ്ട്രീയ ചിന്തകൾക്ക് അതീതമായ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുക.
- സാംസ്കാരിക ഐക്യം കൈവരിക്കുക.
- ആത്മാഭിമാനവും ആത്മവിശ്വാസവും കൈമുതലാക്കിയ വ്യക്തിത്വങ്ങൾക്ക് രൂപം നൽകുന്നതോടൊപ്പം സാമൂഹ്യ പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിച്ച് ക്രിയാത്മകമായി പരിഹരിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
- ആത്മനിയന്ത്രണമെന്ന അച്ചടക്കത്തിന്റെ ഉയർന്ന തലം കണ്ടെത്തി സ്വായത്തമാക്കുക.
- മനസ്സിനും ശരീരത്തിനും ഒരുപോലെ ആരോഗ്യം പ്രദാനം ചെയ്യുന്ന ജീവിതശൈലി പരിശീലിപ്പിക്കുന്നതോടൊപ്പം കാർഷിക സംസ്ക്കാര അവബോധം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുക.
- മുൻപിൻ തലമുറകളെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയാക്കുക.
- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും കരുതലും മുതൽക്കൂട്ടാക്കിയ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുത്ത് വിശ്വപൗര ദാർശനികതയോടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നമനത്തിനായി പ്രവർത്തിക്കാൻ സജ്ജരാക്കുക.

- കല, സാഹിത്യം, സംഗീതം, ചരിത്രം, കായികം എന്നിവ പരിപോഷിപ്പിക്കുകയും, മാതൃഭാഷയുടെ പ്രയോഗത്തിനും വികാസത്തിനും അവസരമൊരുക്കുകയും ചെയ്യുക.
- ലിംഗസമത്വവും ഭിന്നശേഷിക്കാരോടു ആദരവും വച്ചുപുലർത്തി ലോകത്തിനു പുത്തൻ മാതൃക പകരുക.
- ത്രിഭാഷകൾ ഭാഷാശുദ്ധിയോടെ ആശയവിനിമയം (സംഭാഷണം, വായന, എഴുത്ത) നടത്താൻ പ്രാപ്തനാക്കുക.
- ഭാവിയിലെ വിവിധ മത്സര പരീക്ഷകൾക്കും പ്രവേശന പരീക്ഷകൾക്കും കുട്ടികളെ തയ്യാറാക്കുക.
- എസ്.എസ്.എൽ.സി. പരിക്ഷയ്ക്ക് മുഴുവൻ A+ കിട്ടുന്ന കുട്ടികളുടെ എണ്ണം 20 ശതമാനമാക്കുക.

## വിവിധ മേഖലയിലെ പൊതു ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത വ്യവഹാര മേഖലകളിൽ ഭാഷ (മലയാളം) ശക്തിയുക്തമായ സംവേദന വിമർശന ഉപാധിയായി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- സർഗാത്മകതയുടെ സ്വാഭാവിക പ്രകടനത്തിനു അവസരം നൽകുക.
- സാമൂഹിക പ്രതിബദ്ധതയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും ഏകലോക ഭാവനയും വളർത്തിയെടുക്കുക.
- പരിസ്ഥിതി സൗഹൃദ ജീവിതശൈലി വാർത്തെടുക്കുക.
- കുട്ടിയുടെ ദൈനംദിന ജീവിത വ്യവഹാരങ്ങളിൽ ഇംഗ്ലീഷ് ഭാഷ ശക്തിയുക്തമായ സംവേദന, വിമർശന ഉപാധിയായി പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- പാർശ്വവത്ക്കരിക്കപ്പെടുന്നവന്റെ അതിജീവന പോരാട്ടങ്ങളോട് ഐക്യപ്പെടുന്ന ജീവിതവീക്ഷണം സാധ്യമാക്കുക.
- സ്വതന്ത്ര ചിന്തകൾ പങ്കുവയ്ക്കാനും പ്രചരിപ്പിക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- അതിജീവനത്തിനുതകുന്ന ഭാഷ സ്വന്തമാക്കാൻ പ്രാപ്തനാക്കുക.
- ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ ഉപയോഗിക്കാൻ പ്രാപ്തനാക്കുക.
- ഭാഷാശുദ്ധിയോടെ ആശയവിനിമയം (എഴുതുക, വായിക്കുക) നടത്താൻ പ്രാപ്തനാക്കുക.
- മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തിയെടുക്കുക.
- പരിസ്ഥിതി സൗഹൃദ പഠനം മുഖ്യധാരയിൽ വളർത്തിയെടുക്കുക.
- ഹിന്ദി മേഖലയിലുള്ളതുപോലെ ഹിന്ദി ഉച്ചരിക്കുന്ന രീതി സ്വായത്തമാക്കുക.

## ശാസ്ത്രം

- കുട്ടികളിൽ പരമാവധി ശാസ്ത്രീയ ചിന്തകൾ വളർത്തുക.
- കാർഷിക സംസ്ക്കാരത്തിന് ഊന്നൽ നൽകുവാനുള്ള പഠന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

- പഠനത്തിന് സഹായകമായ വിത്തിനങ്ങൾ സമാഹരിച്ച് ക്ലാസിൽ പ്രദർഷിപ്പിക്കാം.
- മണ്ണിന്റെ സ്വഭാവം, രീതി എന്നിവ തിരിച്ചറിയാനുള്ള മണ്ണ് ശേഖരണം പ്രദർശിപ്പിക്കാം.
- പഠനം എക്കോഫ്രണ്ട്ലി ആയിരിക്കണം.
- ആന്തരികാവയവങ്ങളുടെ പഠനം സുഗമമാക്കാൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് അനാട്ടമി ഡിപ്പാർട്ടുമെന്റിൽ സന്ദർശനം സാധ്യമാക്കുകയും അവയവങ്ങളുടെ സ്ഥാനം, ധർമ്മം എന്നിവ നേരിട്ടനുഭവവേദ്യമാക്കുവാൻ അവസരമൊരുക്കുകയും വേണം.
- പഠനയാത്രകൾ തികച്ചും വിനോദമാകാതെ ശാസ്ത്ര-പാരിസ്ഥിതിക പഠനം നേരിട്ട് ലഭ്യമാക്കുന്ന തരത്തിലായിരിക്കണം.
- പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തണം.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിനുള്ള ആസൂത്രണം നടത്തുക.
- പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തന കലണ്ടറുകളും രൂപപ്പെടുത്തൽ.

## സാമൂഹ്യശാസ്ത്രം

- ചരിത്രവും സംസ്ക്കാരവും മനസ്സിലാക്കി ഉത്തരവാദിത്വത്തോടെ പ്രകൃതിയെ സംരക്ഷിച്ച് വിശ്വപൗരദാർശനികതയോടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികളെ വാർത്തെടുക്കുക.
- സാമൂഹ്യ നീതിബോധവും, മൂല്യ സംരക്ഷണവും, ജനാധിപത്യ ഉത്തവാദിത്തവും നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കി അനീതിയും, ചൂഷണവും സമൂഹത്തിൽ ഇല്ലാതാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- സാമൂഹ്യ പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിച്ച് അവയിൽ ക്രിയാത്മകമായി ഇടപെട്ടും പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ നിർദേശിച്ചും പ്രവർത്തിക്കുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകി സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കി വളർത്തിയെടുക്കുക.

## ഗണിതശാസ്ത്രം

- ഗണിതശാസ്ത്രത്തിലുള്ള വിദ്യാർത്ഥികളുടെ അഭിരുചി വർദ്ധിപ്പിക്കുക.
- ഗണിത പ്രശ്നങ്ങളെ പ്രായോഗിക ജീവിതവുമായി ബന്ധിപ്പെടുത്താൻ വിദ്യാർത്ഥിയെ പ്രാപ്തനാക്കുക.
- അടിസ്ഥാന ഗണിത ആശയങ്ങൾ വിദ്യാർത്ഥികളിൽ ഉറപ്പിക്കുക.
- ഭാവിയിലെ വിവിധ മത്സര പരീക്ഷകൾക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുക.
- ഊഹിച്ച് പറയാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ഗണിതശാസ്ത്രപഠനത്തിലൂടെ താരതമ്യ പഠനം വികസിപ്പിക്കുക.
- വിദ്യാർത്ഥികളുടെ ഗവേഷണ അഭിരുചി വളർത്താൻവേണ്ടി ഗണിതശാസ്ത്രം ഉപയോഗിക്കുക.

## ആരോഗ്യ – കായിക, കലാ വിദ്യാഭ്യാസം

- 'എല്ലാവർക്കും ആരോഗ്യം' ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യുക.
- എല്ലാ കുട്ടികൾക്കും ശാരീരികക്ഷമത കൈവരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- വിവിധ ഗെയിമുകളിൽ ധാരാളം കുട്ടികളെ സംസ്ഥാന ദേശീയ നിലവാരത്തിലെത്തിക്കുക.
- വിവിധ കളികളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുക.
- ഓരോ കുട്ടിയുടെയും താല്പര്യം കണ്ടെത്തി ആ കുട്ടികൾക്ക് താൽപര്യമുള്ള കളികളിൽ പ്രത്യേക പരിശീലനം നൽകുക.
- എയറോബിക്സ്, യോഗ എന്നിവ എല്ലാ കുട്ടികളെയും പരിശീലിപ്പിക്കുകയും അതിലൂടെ അവരുടെ ശാരീരിക ക്ഷമത ഉറപ്പാക്കുകയും ചെയ്യുന്നു.
- നിലവിലുള്ള പാഠ്യ വിഷയങ്ങളിൽ വിജയം നേടാനാകാത്തതിന്റെ പേരിൽ പിൻതള്ളപ്പെട്ട ഉപരിപഠനത്തിന് അർഹത നേടാത്തവരിൽ പലരും സർഗ്ഗശേഷിയുള്ളവരും കലാപരമായ കഴിവുകൾ ഏറെയുള്ള വരുമായിരിക്കും. അവരുടെ സർഗ്ഗവാസനകളെ കണ്ടെത്താനും അവരുടെ സിദ്ധിയും ശക്തിയും മനസ്സിലാക്കിക്കൊടുക്കുവാനും കലാവിദ്യാഭ്യാസം സഹായിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അക്കാദമിക മികവിനായി ഈ വർഷം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. ലൈബ്രറി സജ്ജമാക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം-ശാസ്ത്രം, ഗണിതം, സാമൂഹ്യപാഠം
7. പ്രതിഭാപോഷണ പരിപാടി
8. USS, NMMS (യു.എസ്.എസ്., എൻ.എം.എം.എസ്.) തുടങ്ങിയ സ്കോളർഷിപ്പ് പരിശീലന പരിപാടി
9. പഠനയാത്രകൾ
10. ക്ലാസ്തല വാർത്തകൾ, സ്കൂൾ പത്രം, മാസിക
1. സ്കൂൾ SRG (എസ്.ആർ.ജി.) ശാക്തീകണം, അധ്യാപക ശാക്തീകരണം
2. പ്രവൃത്തി പരിചയ പരിശീലനം
3. കലാപരിപോഷണം
4. ഫലവൃക്ഷത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- ഭക്ഷണ ക്രമീകരണം-ആരോഗ്യ പരിപാലനം

17. രക്തഗ്രൂപ്പ് നിർണയം

18. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠന സൗകര്യമൊരുക്കൽ

19. സ്കൂൾ വിക്കി കാര്യക്ഷമമാക്കൽ

20. ഭാഷാലാബ്

21. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

22. ഗവേഷണാത്മക പഠനം

23. മോട്ടിവേഷൻ ക്ലാസുകൾ - പഠനതാൽപര്യത്തിന്

24. കായികശേഷി വിലയിരുത്തൽ

25. സ്കൂൾ ഫുട്ബോൾ / ക്രിക്കറ്റ് ടീം രൂപീകരണം.

26. ചോദ്യപേപ്പർ ശില്പശാല

27. ഐ ടി പഠനം കാര്യക്ഷമമാക്കൽ

28. ജന്മദിന പുസ്തകം ലൈബ്രറിക്ക്

29. ചിത്രരചനാ ക്യാമ്പ്

30. ശാസ്ത്ര, ഗണിതശാസ്ത്ര, S.S. IT (സാമൂഹ്യശാസ്ത്ര, ഐ.റ്റി.) പ്രവൃത്തിപരിചയ മേളകൾ

31. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

32. വിവിധ ക്ലബ്ബ് പ്രവർത്തന ശാക്തീകരണം.

# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം, എച്ച്.എസ്. വിഭാഗം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം | മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം ഭാഷാശേഷികളുടെ വികസനം / ഗ്രന്ഥശാലാ ശാക്തീകരണം | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | സ്പോൺസർഷിപ്പ് |
| 2 | ഭാഷാശേഷികളുടെ വികസനം / ഗ്രന്ഥശാലാ ശാക്തീകരണം | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം., പി.ടി.എ, ലൈബ്രറിയൻ | സ്പോൺസർഷിപ്പ് |
| 3 | സർഗ്ഗശേഷി വികസനം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യകാരന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ നടത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ആർട്സ് ക്ലബ്ബ് പി.ടി.എ. | പി.ടി.എ. |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഭാഷാശേഷികളുടെ വികസനം | ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ. പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ / ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | ജൂലൈ സെപ്റ്റംബർ, നവംബർ, ജനുവരി | ആർട്സ് ക്ലബ്ബ് പി.ടി.എ. | പി.ടി.എ. |
| 5 | ഭാഷാശേഷി വികസനം. രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ. | പ്രതിമാസ പരിപാടി | എസ്.ഐ.ടി.സി. വിദ്യാരംഗം കലാ സാഹിത്യവേദി | - - - |
| 6 | പേര് - സർഗ്ഗസല്ലാപം ഭാഷാവികസനം | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. | വർഷത്തിൽ രണ്ടുപ്രാവശ്യം | എച്ച്.എം. & പി.ടി.എ. | സ്പോൺസർഷിപ്പ് |
| 7 | ദിനാചരണങ്ങൾ/സമഗ്രവികസനം. വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അവശ്യാനുസരണം | എസ്.ആർ.ജി. | - - - |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8 | ഭാഷയുടെ പ്രകടനപത്ത | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോസ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്.ആർ.ജി. | - - - |
| 9 | സർഗ്ഗാത്മക വികസനം | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും. | വർഷത്തിൽ ഒരുതവണ | വിദ്യാരംഗം കലാ സാഹിത്യവേദി | - - - |
| 10 | മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം | പുസ്തക പരിചയകളരി വിലയിരുത്തൽ, ലേഖനങ്ങൾ കഥാപാത്ര ഇന്റർവ്യൂ (പാഠപുസ്തകത്തിലെ കഥാപാത്രങ്ങളുമായി സംഭാഷണം | ജൂൺ മുതൽ ജനുവരി വരെ | 8, 9, 10 ക്ലാസ് | സ്പോൺസർഷിപ്പ് |
| | | | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയം : ഹിന്ദി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്കാദമികം | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൽ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പരിശീലിപ്പിക്കുന്നു. | ജൂൺ (Std 8th) (Std 9th) ഹ്രസ്വം | ഹിന്ദി അധ്യാപിക / എസ്.ആർ.ജി. | |
| 2 | | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | ജൂൺ, ജൂലൈ | ഹിന്ദി അധ്യാപിക | |
| 3 | | പോസ്റ്റർ നിർമ്മാണ പരിശീലനം ദിനാചാരണങ്ങളോടനുബന്ധിച്ച്. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | | 'ഹിന്ദി വാണി' കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കഥ, കവിത, പ്രശ്നോത്തരി എന്നിവ ഉൾപ്പെടെയുള്ള 'റേഡിയോ' അവതരണ പരിപാടി | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക<br>എസ്.ആർ.ജി. കൺവീനർ | |
| 5 | അക്കാദമികം | വിദ്യാലയത്തിലെ ക്ലാസ് മുറികൾ അടുക്കള തുടങ്ങി പ്രധാനയിടങ്ങളിൽ ഹിന്ദി നാമകരണം ഉൾക്കൊള്ളുന്ന ബോർഡ് സ്ഥാപിക്കുക. | ജൂൺ<br>എസ്.ആർ.ജി. കൺവീനർ | ഹിന്ദി അധ്യാപിക | പി.ടി.എ. |
| 6 | | സാഹിത്യാദിരുചി വളർത്തുന്നതിനായി ഹിന്ദി വാരാഘോഷ സമയത്ത് 'കലോത്സവം' സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ<br>എസ്.ആർ.ജി. | ഹിന്ദി അധ്യാപിക<br>HM/SRG<br>കൺവീനർ | പി.ടി.എ. |
| 7 | ഭൗതികം | പഠനയാത്ര<br>ലൈബ്രറിയിൽ അധിക വായനയ്ക്കായ് ഹിന്ദി കോർണർ | ജൂലൈ<br>ദീർഘം | ഹിന്ദി അധ്യാപിക/<br>ക്ലാസ് ടീച്ചർ<br>HM/SRG<br>കൺവീനർ | പി.ടി.എ.<br>സമൂഹം/<br>പി.ടി.എ.<br>മാനേജ്മെന്റ് |

# Academic Master Plan

## English

| Sl. No. | Activities | Short Term | Long Term | Excellences / Limitation |
|---|---|---|---|---|
| 1 | **READING COMPETITIONS**<br>Conducts reading competitions regarding 'Reading Day' and conducts poster making competitions. | June | | |
| 2. | **ENGLISH CLUB**<br>To develop confidence of students to communicate in English, teacher forms English club and organizes language activities | | July to February | |
| 3. | **ENGLISH ASSEMBLY**<br>To build up the confidence level of students to communicate in English teacher conducts English class assembly. | | August to February | |
| 4. | **ENGLISH CORNER**<br>To encourage the creativity of students teacher make a corner named 'English World'. Teacher exhibits posters, college etc. | | October to March | |
| 5. | **SCHOOL MAGAZINE**<br>To enhance the creativity and writing skill teacher encourages students to prepare their class magazine and then makes the school magazine. | January to March | | |

# Academic Master Plan
## Mathematics, H.S.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | Remarks |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തോട് ആഭിമുഖ്യം വളർത്തുന്നതിന് | ഗണിത ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 2 | വിവിധതരം ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന രൂപങ്ങളുടെ നിർമ്മാണത്തിൽ നൈപുണ്യം കൈവരിക്കുന്നതിന്. | ജ്യാമിതീയ പാറ്റേണുകളുടെ നിർമ്മാണം - ചാർട്ടുകൾ<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതി ഘനരൂപങ്ങൾ - ശില്പശാല. | ജൂലൈ | ഗണിക ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | |
| 3 | ഗണിതശാസ്ത്രജ്ഞരെ അറിയുന്നതിനും അരുടെ സംഭാവനകൾ തിരിച്ചറിയുന്നതിനും അവരോട് ആദരപൂർവ്വമായ മനോഭാവം രൂപപ്പെടുന്നതിനും | 1. ദിനാചരണങ്ങൾ ഉദാ: Pythagorean day, Ramanujan day, National Mathematical day<br>2. ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടാം അസംബ്ലിയിൽ നൽകുന്ന പ്രവർത്തനം<br>3. ഗണിത പുസ്തകങ്ങൾ പരിചയപ്പെടാ. | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ്ബ് അംഗങ്ങൾ & അധ്യാപകർ | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | Remarks |
|---|---|---|---|---|---|
| 4 | യുക്തിചിന്ത വളർത്തുന്നതിന് മനക്കണക്കുകൾ ചെയ്യുന്നതിനും | ഗണിതക്രിയകൾ ഉൾപ്പെടുന്ന Quiz, Puzzles ഇവ അസംബ്ലികളിൽ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ്ബ് വിദ്യാർത്ഥികൾ & അധ്യാപകർ | |
| 5 | ഗണിതത്തിന്റെ സൗന്ദര്യവും ദൈനംദിന ജീവിതത്തിലെ പ്രയോജനവും മനസ്സിലാക്കുന്നതിന് ഗണിത പഠനത്തോട് താല്പര്യം ഉണ്ടാകുന്നതിനും | Maths Exhibition: Geometrical Charts, Still Models, Working Models ഇവ ഉൾപ്പെടുത്തിക്കൊണ്ടുള്ള എക്സിബിഷൻ | ഒക്ടോബർ മാസം | കുട്ടികൾ & അധ്യാപകർ | |
| | | | | | |
| | | | | | |

# ഉപമേഖല - സയൻസ് High School

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശാസ്താവബോധം വളർത്തുന്നു. | 1. ശാസ്ത്രതത്ത്വങ്ങൾ ലളിതമായി പരീക്ഷണങ്ങളിലൂടെയുള്ള അവതരണം<br>◆ പരീക്ഷണക്കളരി<br>◆ പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ.<br>◆ സ്കൂൾ തലത്തിൽ സയൻസ് എക്സിബിഷൻ സംഘടിപ്പിക്കൽ<br>◆ ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തു നടത്തൽ (സർവ്വേ, ആഭിമുഖ നിരീക്ഷണം)<br>Inspire award ശാസ്ത്രപഥം etc.. ഏറ്റെടുത്ത് നടത്തൽ | ജൂൺ<br>ആവശ്യമുള്ള സന്ദർഭങ്ങൾ<br>1 വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | PTA | |
| 2 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് അധ്യാപകർ | PTA<br>SRG | |
| 3 | ശാസ്ത്ര ലാബ് നവീകരണം | ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ<br>◆ Micro Lab, Nano Lab നിർമ്മാണം<br>◆ Chemistry, Physics, Bilology എന്നിവയുമായി ബന്ധപ്പെട്ട സാമഗ്രികൾ പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | 1 വർഷം<br>ജൂൺ - ഡിസംബർ | സയൻസ് അധ്യാപകർ<br>SRG, സയൻസ് അധ്യാപകർ | PTA<br>PTA പൂർവ്വവിദ്യാർത്ഥി സംഘടന | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ പ്രയോജനപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കൽ<br>ചർച്ച<br>പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഊന്നൽ | 1 വർഷം | SRG, സയൻസ് അധ്യാപകർ PTA | | |
| 5 | പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ : കുട്ടി<br>കുട്ടി : കുട്ടി പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | SRG, സയൻസ് അധ്യാപകർ | PTA | |
| 6 | ശാസ്ത്ര മാസിക | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ്, കുട്ടികൾ കൊണ്ടുവരുന്ന വിഭവങ്ങൾ ഉപയോഗിച്ചുള്ള പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | SRG, സയൻസ് അധ്യാപകർ | | |
| 7 | ചോദ്യപേപ്പർ ശില്പശാല സംഘാടനം സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ഉപയോഗിച്ച് ചോദ്യശേഖരം തയ്യാറാക്കൽ, ചോദ്യപേപ്പർ തയ്യാറാക്കൽ, സമഗ്രയിൽ | വർഷത്തിൽ രണ്ട് (6 മാസത്തിൽ ഒരിക്കൽ) | SRG, സയൻസ് അധ്യാപകർ | | |
| 8 | മോഡൽ നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട് മോഡൽ നിർമ്മാണം<br>LED - ബൾബ് നിർമ്മാണം | വർഷത്തിൽ രണ്ട് | SRG, സയൻസ് അധ്യാപകർ | | |
| 9 | പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കൽ അതിലൂടെ quality improvement | NMMS Coaching<br>ചിട്ടയായി MAT<br>SAT<br>ഇവയിൽ പരിശീലനം | ജൂൺ - ഡിസംബർ | SS Science Maths SRG | PTA | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം : സോഷ്യൽ സയൻസ് High School

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | യുദ്ധവിരുദ്ധ മനോഭാവം, സഹകരണ മനോഭാവം എന്നിവ കുട്ടികളിൽ രൂപപ്പെടുത്തുക. | ◆ കാർഗിൽ വിജയദിന അനുസ്മരണം<br>◆ ഹിരോഷിമാദിന - നാഗാസാക്കിദിന അനുസ്മരണം.<br>◆ യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം<br>◆ സഡാക്കോ (cranebird) നിർമ്മാണ മത്സരം<br>◆ സഡാക്കോ - ചരിത്രാവലോകനം യുദ്ധവിരുദ്ധ മുദ്രാവാക്യം പ്രദർശനം. | ജൂലൈ 26<br>ആഗസ്റ്റ് 6<br>ആഗസ്റ്റ് 9<br>ജൂലൈ 26<br>ആഗസ്റ്റ് 9<br>ആഗസ്റ്റ് 9 | HS<br>HS<br>HS<br>HS<br>HS<br>HS | | |
| 2 | ലോകസമാധാനം - വിദ്യാലയങ്ങളിൽ നിന്ന് | ലോകസമാധാന ദിനവുമായി ബന്ധപ്പെട്ട് "ലോകസമാധാനത്തിന്റെ ആവശ്യകത" എന്ന വിഷയം അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>"League of nations"<br>"United nations organisation"<br>എന്നിവയുടെ ചരിത്ര പ്രാധാന്യം അവതരണം | സെപ്റ്റംബർ 21<br>ലോകസമാധാന ദിനം | HS | | |
| 3 | "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ആശയത്തിന് ഊന്നൽ നൽകൽ. | ദേശീയ വിദ്യാഭ്യാസദിനാചരണം.<br>"മൗലാന അബ്ദുൾകലാം ആസാദ് വിവരണം.<br>വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം - അസംബ്ലിയിൽ അവതരണം. | ദേശീയ വിദ്യാഭ്യാസ ദിനം<br>നവംബർ 11 | HS<br>HS | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം. | ഇന്ത്യൻ ഭരണഘടന ക്വിസ് UP, HS | ദേശീയ ഭരണഘടനാ ദിനം നവംബർ 26 | HS | PTA | |
| 5 | പ്രകൃതിവിഭവ സംരക്ഷണ മനോഭാവം രൂപപ്പെടുത്തൽ. | മണ്ണ് സംരക്ഷണം വരും തലമുറയ്ക്ക് വേണ്ടി എന്ന വിഷയം അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഡിസംബർ 5 "അന്താരാഷ്ട്ര മണ്ണ് ദിനം" | HS | | |
| 6 | പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുഭാവം കുട്ടികളിൽ രൂപപ്പെടുത്തൽ. | മന്നത്ത് പത്മനാഭന്റെ സാമൂഹ്യ പരിഷ്ക്കരണങ്ങൾ - അവതരിപ്പിക്കുന്നു. | ജനുവരി 2 മന്നം ജയന്തി | HS | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഉപമേഖല - സാമൂഹികം, Eco Club, HS

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹികം / അക്കാദമികം | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• Poster Making Quiz<br>• നാട്ട് മാവ് നടൽ<br>• 1 ക്ലാസ് 1 വൃക്ഷം<br>• Eco Club രൂപീകരണം | ജൂൺ | Echo Club members, Class Teachers | | |
| | | • ഔഷധത്തോട്ട നവീകരണം. | 1 വർഷം | Echo Club | | |
| | | • Naming<br>ഔഷധച്ചെടി പരിചയപ്പെടുത്തുന്നു. Field Trip | ആഴ്ചയിൽ ഒരിക്കൽ (അസംബ്ലി) | | | |
| | | • പഠന പ്രവർത്തനങ്ങളുടെ നേരനുഭവം | | Class Teachers | | |
| | | സ്കൂൾ പൂന്തോട്ട പരിപാലനം<br>• വിപുലമാക്കൽ | 1 വർഷം | Echo Club | | |

# ഏറ്റെടുക്കുന്ന അക്കാദമിക് പ്രവർത്തനങ്ങൾ

## മലയാളം യു.പി. വിഭാഗം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മലയാള ഭാഷ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ മനസ്സിലാക്കാൻ പ്രീ - ടെസ്റ്റ് നടത്തുന്നു. | 2 ആഴ്ച | യു.പി. മലയാളം അധ്യാപകർ | | |
| 2 | മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക. | ◆ അക്ഷരം ഉറപ്പിക്കുക.<br>◆ അധിക വായന ശീലമാക്കുക.<br>◆ ബുക്കുകൾ വായിപ്പിക്കുക.<br>◆ ലൈബ്രറി പ്രവർത്തനങ്ങളിലൂടെ<br>◆ വായന ഉറപ്പിക്കുന്നു. | ഹ്രസ്വകാലം | യു.പി. മലയാളം അധ്യാപകർ | | |
| 3 | മലയാള ഭാഷാ പഠനത്തിൽ ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തുക. | ◆ Projector പ്രയോജനപ്പെടുത്തുക.<br>◆ Audio visual aids ലൂടെ പഠന പ്രവർത്തനങ്ങൾ നൽകുക. | ദീർഘകാലം | യു.പി. മലയാളം അധ്യാപകർ | മലയാളം വകുപ്പ് മേധാവി | |
| 4 | CWSN കുട്ടികളെ നേർധാരയിലെത്തിക്കുക. | ◆ ചിത്രങ്ങൾ, പാട്ടുകൾ, കളികൾ എന്നിവയിലൂടെ താൽപര്യം ജനിപ്പിക്കുന്ന പഠന പ്രവർത്തനങ്ങൾ നൽകുന്നു.<br>◆ പദകാർഡുകൾ, പതതമ്പോല, പദകളികൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വാക്കുകളും അക്ഷരങ്ങളും ഉറപ്പിക്കുന്നു. | I Term | യു.പി. മലയാളം അധ്യാപകർ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | കരിക്കലം ലക്ഷ്യമാക്കിയുള്ള എല്ലാ പഠനനേട്ടങ്ങളും കുട്ടികൾ ആർജിക്കുന്നു. | ◆ വാക്യങ്ങൾ എഴുതൽ<br>◆ അക്ഷര കാർഡുകൾ, പദപ്രശ്നങ്ങൾ, പദകാർഡുകൾ, ഉത്തരം കണ്ടെത്തലുകൾ എന്നിവയിലൂടെ പഠന നേട്ടങ്ങൾ ആർജിക്കുന്നു. | I & II Term | യു.പി. മലയാളം അധ്യാപകർ | | |
| 6 | സർഗശേഷി വികസിപ്പിക്കുക. | പാട്ട്, നൃത്തം, വായനാശീലം, പടം വരയ്ക്കൽ തുടങ്ങിയ കഴിവുകൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, ക്ലാസുകൾ നൽകുന്നു. | 6 മാസം | പി.ടി.എ. | | |

# അക്കാദമിക് പ്രവർത്തനങ്ങൾ

## മേഖല – സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശരിയായ ഉച്ചാരണത്തോടെ സംസ്കൃത ഭാഷ സംസാരിക്കാനും, കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക. | Audio കേൾപ്പിച്ചും, ചിത്രങ്ങളിലൂടെ അക്ഷര കാർഡുകൾ, പദക്കാർഡുകൾ എന്നിവ ഉപയോഗിച്ചും അക്ഷരങ്ങളും, ഉച്ചാരണവും ഉറപ്പിക്കുന്നു. | 1 മാസം | അധ്യാപിക | | |
| 2 | സംസ്കൃതം തെറ്റ് കൂടാതെ എഴുതാനും, വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | പ്രീ ടെസ്റ്റ് പഠനനില കണ്ടെത്തൽ, എഴുത്തിലും, വായനയിലുമുള്ള പിന്നോക്കാവസ്ഥ അറിയാൻവേണ്ടി പ്രീ ടെസ്റ്റ് നടത്തുന്നു. | 2 ദിവസം | അധ്യാപിക | | |
| 3 | വായന ശീലങ്ങൾ സംസ്കൃത ഭാഷയിൽ വികസിപ്പിക്കുക. | കഥാ - പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുന്നു. പലതരം കഥകളുടെ വീഡിയോ പ്രദർശനം. | 1 വർഷം | അധ്യാപിക | | |
| 4 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സംസ്കൃത ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | **സംഭാഷണം:** സംസ്കൃത ഭാഷയിലെ ആചാരോപചാക ശബ്ദങ്ങൾ തിരിച്ചറിയുന്നു. പ്രശ്നവാചക ശബ്ദങ്ങൾ തിരിച്ചറിയുന്നു. ചെറിയ വാക്കുകൾ പറയുന്ന സംഭാഷണം പറയുന്നു. എഴുതുന്നു.<br>**കവിതാ രചന:** കവിത വായിക്കാൻ കൊടുക്കുന്നു. വീഡിയോ കാണിക്കുന്നു. ചെറിയ വിഷയങ്ങളിൽ കവിത എഴുതുന്നു.<br>**കഥാപാത്ര വൈശിഷ്ട്യം:** പാഠഭാഗങ്ങളിലെ കഥാപാത്രങ്ങളിൽ ഇഷ്ടകഥാപാത്രത്തെ തെരഞ്ഞെടുക്കുന്നു. ചർച്ചചെയ്യുന്നു. ആശയ ഭൂപട നിർമ്മാണം.<br>**ഉപന്യാസം തയ്യാറാക്കൽ:** ലളിതവും, പരിചിതവുമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു. ചർച്ച ചെയ്യുന്നു. മനോഭൂപടം തയ്യാറാക്കുന്നു. ഉപന്യാസ രചന നടത്തുന്നു. | 1 വർഷം | അധ്യാപിക | | |

# അക്കാദമിക് പ്രവർത്തനങ്ങൾ

## മേഖല – സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടികളിൽ സാമൂഹ്യ അവബോധം വളർത്തുക. | ◆ പത്രവാർത്തകൾ, കൊളാഷ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം എന്നിവയെ പ്രോത്സാഹിപ്പിക്കൽ.<br>◆ ദേശീയ ദിനാചരണങ്ങൾ ആചരിക്കുക.<br>◆ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | 1 വർഷം | അധ്യാപകർ | | |
| 2 | സാമൂഹ്യ ശാസ്ത്ര ലാബ് | ◆ ഭൂപട ശേഖരണം, ഗ്ലോബ്<br>◆ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിർമ്മാണം.<br>◆ നാണയ ശേഖരണം<br>◆ ചരിത്ര സ്മാരകങ്ങളുടെ ചിത്രങ്ങളുടെ ശേഖരണം, ആൽബം നിർമ്മാണം തുടങ്ങിയവ | 1 വർഷം | അധ്യാപകർ | | |
| 3 | സാമൂഹ്യ ശാസ്ത്ര ലൈബ്രറി | ◆ സാമൂഹ്യ ശാസ്ത്രബോധം ഉണർത്തുന്ന പുസ്തകങ്ങളുടെ ശേഖരണം.<br>◆ ചരിത്രകാരന്മാരുടെയും സാമൂഹ്യ പരിഷ്കർത്താക്കളുടെയും ആത്മകഥ.<br>◆ ജീവിത ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരണവും, വായനയും.<br>◆ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ. | 6 മാസം | അധ്യാപകർ | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | സമൂഹത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെ നേരിടാനുള്ള ശേഷി ആർജ്ജിക്കുന്നതിന്. | ആനുകാലിക സംഭവങ്ങളെ ബന്ധപ്പെടുത്തിയുള്ള പത്രവാർത്തകൾ ശേഖരിക്കുക.<br>പ്രഗൽഭരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ.<br>സംവാദം, പാനൽ ചർച്ചകൾ സംഘടിപ്പിക്കൽ | 6 മാസം | അധ്യാപകർ | | |
| 5 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കൽ | ◆ ലീഡർഷിപ്പ് പ്രോത്സാഹിപ്പിക്കുക.<br>◆ ദേശീയ - അന്തർദേശീയ ദിനാചരണങ്ങൾ നടത്തുക<br>◆ ആനുകാലിക സംഭവങ്ങളും സാമൂഹ്യ തിന്മകളും ചൂണ്ടികാണിക്കുന്ന വിഷയങ്ങളുടെ തെരുവു നാടകാവതരണവും സാമൂഹ്യ ബോധവൽക്കരണവും. | 1 വർഷം | അധ്യാപകരും പഠിതാക്കളും | | |

# അക്കാദമിക് പ്രവർത്തനങ്ങൾ

## മേഖല – ഗണിത ശാസ്ത്രം, യു. പി.

| മേഖല | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | വിലയിരുത്തൽ |
|---|---|---|---|---|---|
| ഗണിതം | ഗണിതത്തിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | ഗണിതക്ലബ്ബ് രൂപീകരിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത പുസ്തകങ്ങൾ വായിക്കാൻ അവസരം ഒരുക്കൽ | അധ്യാപകർ | ദീർഘകാലം | |
| | | ഗണിത ക്വിസ് സംഘടിപ്പിക്കൽ | അധ്യാപകർ | ഹ്രസ്വകാലം | |
| | | 5 മുതൽ 7 വരെ ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിത ഉപകരണങ്ങൾ നിർമ്മാണത്തിന് പരിശീലനം നൽകുന്നു. (Eg: അബാക്കസ്, ജ്യാമതീയ രൂപങ്ങൾ) | അധ്യാപകർ | ഹ്രസ്വകാലം | |
| | | ജ്യോമട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട്, ഗണിത പസിലുകൾ, ഗണിത രൂപങ്ങൾ എന്നിവ തയ്യാറാക്കൽ | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത മാഗസിൻ തയ്യാറാക്കൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | |
| | | വിവിധ മത്സര പരീക്ഷകൾക്കായി പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത സമിതിയുടെ മത്സരങ്ങളിൽ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കൽ. | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത ക്വിസ് സംഘടിപ്പിക്കുക | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത കേളികൾ അടങ്ങുന്ന പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. | അധ്യാപകർ | ഹ്രസ്വകാലം | |
| | | ഗണിത പസിൽസ്, യുക്തിചിന്ത വിശകലന ശേഷി എന്നിവ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്നതിനും വായനാ കുറിപ്പുകൾ തയ്യാറാക്കുന്നതിനും അവസരം ഒരുക്കുന്നു. | അധ്യാപകർ | ഹ്രസ്വകാലം | |

# Academic Master Plan

## English - Std V, VI, VII

| Sl. No. | Objectives | Activities | Time | Expenditure | Duties in Charge | Evaluation |
|---|---|---|---|---|---|---|
| 1 | To speak, read and write English without any mistakes | • Language games<br>• Reading week (Every month)<br>• English assembly<br>• Reading English News Headilines<br>• Story Writing<br>• Word puzzles<br>• Self Indroduction | June<br>July<br>August | | English Trs in up | |
| 2 | • To develop the skill of narration and fluency<br>• Develop the skill<br>• To improve the knowledge of basic grammar in English. | • Make Riddles<br>• Tell me a story<br>• Quiz<br>• Word chain sentences<br>• Collect and read past tense | August onwards | | English Trs in up | |

| Sl. No. | Objectives | Activities | Time | Expenditure | Duties in Charge | Evaluation |
|---|---|---|---|---|---|---|
| 3 | To develop literary activities<br>To develop writing skills | • Poster making<br>• Picture composition<br>• Recitation<br>• Essay writing<br>• Handweiting competition | September<br>October | | English Trs in up | |
| 4 | To develop the skills in acting writing and characterization. Appreciation of best actor | Role play script writing | November<br>December | 1000 ₹ | English Trs in up | |
| 5 | To improve listening capacity and English language acquisition | Film show | January | 1500 ₹ | English Trs in up | |
| 6 | To enhance the children to conduct a programme. | Group work<br>Eg: Invitation letter<br>Notice, Poster<br>Promo Video<br>Programmes etc | February | 5500 ₹ | English Trs in up | |

# Academic Master Plan

## Baisic Science - UP

| Sl No. | Name of the Activity | Aims | Target Group | Stage of Activity | Duration of Activity | Time Limit of Activity | Academic Agency |
|---|---|---|---|---|---|---|---|
| 1 | Bridge Course Module | Mending the learning Gap in students. | Students. | ♦ Pretest<br>♦ Evaluation<br>♦ Module Pres-ervation<br>♦ Post Test<br>♦ Evaluation | Jne 1st- June 7th | ♦ 1st day Pretest<br>♦ 2nd, 3rd, 4th day - Module Pres-ervation<br>♦ 5th day - Post Test evaluation | Concerned Teacher |
| 2 | Event day June-5th<br>♦ Poster Prevention | Slogan "Beat Plastic Pollution" | Students. | ♦ Poster Making<br>♦ Assembly | June 6th | ♦ June 2nd inform the students about the theme<br>♦ June 3,4,5- Preparation<br>♦ June 6- Sub-mission | Concerned Teacher |
| 3 | Ocean Day June 8th<br>♦ Implement Container for putting plastic pens. | Plastic Free Ocean | Students. | ♦ Class wise collection of used pens.<br>♦ On Ocean day putting collected pens in container. | June 8th | ♦ June 7th inform stu-dents to col-lect used pens.<br>♦ Jun 8 -Put the collected pens in container | Concerned Teacher |

| Sl No. | Name of the Activity | Aims | Target Group | Stage of Activity | Duration of Activity | Time Limit of Activity | Academic Agency |
|---|---|---|---|---|---|---|---|
| 4 | Moon Day July 21 Quiz Competition Observe moon | Awareness about the recent achievements of India in moon and space exploration | Students. | ♦ Class wise selection<br>♦ Quiz competition<br>♦ Video Presentation | July 21st | June 9- Time to for observing moon July 21<br>1 week- Preparation time for quiz competition<br>July 21st-Competition | Concerned Teacher |
| 5 | World Heart Day-Sep.-29<br>♦ Lifestyle diseases awareness class<br>♦ Charts, Models | Awareness on lifestyle diseases | Students. | ♦ Classwise selection | September 29th | Sep. 25- Inform students to prepose charts & models | Concerned Teacher |
| 6 | World Food Day-Oct. 16<br>♦ Food Fest | Food Students Save Lives | Students | ♦ Classwise selection of students | October 16th | October 10-Inform students to bring healthy home made foods for fest | Concerned Teacher |
| 7 | Space Weeks Oct. 4-10 Visiting V.S.S.C. Models Charts | Awarance on India's achievement in space mission | Students | ♦ Study tour Preparation<br>♦ Classwise selection | October 4th - October 10th | ♦ One day study tour<br>♦ Preparation time for making charts & models | Concerned Teacher |

| Sl No. | Name of the Activity | Aims | Target Group | Stage of Activity | Duration of Activity | Time Limit of Activity | Academic Agency |
|---|---|---|---|---|---|---|---|
| 8 | International Science Day<br>◆ Assembly<br>◆ Quiz | Global Science for Global wellbeing | Students. | ◆ Assembly<br>◆ Preparation for Quiz | Nobvember 10 | 1 week prepatation for Quiz | Concerned Teacher |
| 9 | National Pollution control Day<br>◆ Speech competition English & Malayalam | Awareness on Pollution Control | Students. | ◆ Speech competition<br>◆ Pollution free nature and it's importance-Malayalam & English | December 2 | ◆ Screening of students 1 week<br>◆ Competition-1 day | Concerned Teacher |

# Academic Master Plan

## Hindi

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | हिन्दी भाषा बिना त्रुटि के साथ लिखना और आविष्कार करने की क्षमता बढ़ाना | बच्चों रे स्तर की परख करने के लिए परीक्षा चलाना। Target group का रुपीकरण | 2 दिन | अध्यापिका | | |
| 2 | गति के साथ और सही उच्चारण से हिन्दी बोलता और समझने की क्षमता आर्जित करवाना। | Target group के बच्चों का स्तर ऊपर उढाने के लिए कुछ प्रक्रिया की रुपकल्पना। | 2 दिन | अध्यापिका | | |
| 3 | शब्दों से परिचय। | ऑडियो सुनाकर, चित्रों की सहायता से, वाचन कार्ड आदि के द्वारा शब्द और उसके सही उच्चारण पढाना। | 2 हफते | अध्यापिका | | |
| 4 | मात्रा का पहचान और बच्चे को मात्रा से अवगत कराना। | चित्र, वाचन कार्ड, अक्षर खेल आदि के ज़रिए मात्रा से ज्ञान। | 1 महीना | अध्यापिका | | |
| 5 | वाक्य रचना | शब्द कार्ड, मुहावरे जवाब दूढ़ँना आदि प्रक्रिया द्वारा शब्द, वाक्य बुलवाते है। | 1 महीना | अध्यापिका | | |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾ ദൂരവ്യാപകമായ ദുഷ്യഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്നവരുടെ ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാകുകയെന്നുള്ളത്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃത്വവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖകൾ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.